## 83

സ്തുതി ചെയ്‌വിനേശുവിനെ അതിവന്ദിതനാമവനെ
ദൈവമക്കളെല്ലാവരുമേ, ദിവ്യഭക്തിനിറഞ്ഞകമേ

1 അവൻ മേദിനിയിൽ വന്നു പുരി ബേതലഹേം തുടങ്ങി
ഗിരികാൽവറിയിൽ വരെയും അതിവേദനകൾ സഹിച്ചു-

2 തിരുജീവനെയാടുകൾക്കായ് തരുവാൻ മനസ്സായവനാം
ഒരു നല്ലിടയൻ ദയയെ കരുതിടുക നാം ഹൃദയെ-

3 ഹിതമായ് അവനെ തകർപ്പാൻ സുതരായ് നരരെ ഗണിപ്പാൻ
പിതൃനീതിയിദം നടപ്പാൻ സുതൻ വന്നിവയാസ്വദിപ്പാൻ

4 സ്തുതിസ്തോത്രങ്ങൾ സ്വീകരിപ്പാൻ
അവൻ മാത്രമേ മൂവുലകിൽ
ഒരു പാത്രമായുള്ളറികിൽ സർവ്വഗോത്രവുമേ വരുവിൻ- **T.K.S**